# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1465** | **13-06-2014 ൽ മറുപടിയ്ക്ക്**

## നെൽക്കൃഷി

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീ.ആർ.രാജേഷ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കർഷകരിൽ നിന്നും നെല്ല് സംഭരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (എ) സംസ്ഥാനത്തെ എല്ലാ ജില്ലകളിൽ നിന്നും സപ്ലൈകോയിൽ രജിസ്റ്റർ ചെയ്ത നെൽകർഷകരിൽ നിന്നും സപ്ലൈകോ നെല്ല് സംഭരിച്ചു വരുന്നു. 2013-14 രണ്ടാം സീസണിൽ ഇതുവരെ 3976186.51 മെട്രിക് ടൺ നെല്ല് സംഭരിച്ചുകഴിഞ്ഞു. |
| (ബി) സംഭരിച്ച നെല്ലിന്റെ വില നൽകുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; നെല്ലിന്റെ വില അടിയന്തരമായി നൽകുമോ; | (ബി) ഉണ്ട്. മാർച്ച് 30-ന് ശേഷം സംഭരിച്ച നെല്ലിന്റെ വിലയായി ഏകദേശം 350 കോടി രൂപ നൽകുവാനുണ്ട്. ഇത് ജൂലൈ മാസത്തോടുകൂടി പൂർണ്ണമായും കൊടുത്ത് തീർക്കുന്നതാണെന്ന് സപ്ലൈകോ അറിയിച്ചിട്ടുണ്ട്. |
| (സി) കൃഷിനാശത്തിന് അടിയന്തരമായി നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (സി) കൃഷിനാശത്തിന് അടിയന്തരമായി നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഡി) സംഭരിച്ച നെല്ലിന് നൽകുന്നതിനുള്ള വില കുടിശ്ശികയുടെ വിശദാംശങ്ങൾ നൽകുമോ; | (ഡി) 2013-14 രണ്ടാം സീസണിൽ സപ്ലൈകോ സംഭരിച്ച 3976186.51 മെട്രിക് ടൺ നെല്ലിന്റെ വിലയായി 400 കോടി രൂപ നൽകിയിട്ടുണ്ട്. നെല്ലിന്റെ വിലയായി ഏകദേശം 350 കോടി രൂപ നൽകുവാനുണ്ടെന്ന് സപ്ലൈകോ അറിയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | മാവേലിക്കര മണ്ഡലത്തിൽ എത്ര ഹെക്ടർ നെൽക്കൃഷിയാണ് നശിച്ചതെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ഇ) | മാവേലിക്കര മണ്ഡലത്തിൽ 2014 വേനൽമഴയിൽ 311 ഹെക്ടർ നെൽകൃഷി നൂറനാട്, ചുനക്കര, തഴക്കര എന്നീ പഞ്ചായത്തുകളിൽ പൂർണ്ണമായും, തഴക്കര പഞ്ചായത്തിൽ 100 ഹെക്ടർ നെൽകൃഷി ഭാഗികമായും നശിച്ചു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

| പഞ്ചായത്തിന്റ് പേര് | നാശനഷ്ടമുണ്ടായ വിസ്തൃതി |
|---|---|
| നൂറനാട് | 82.664 ഹെക്ടർ |
| ചുനക്കര | 28.32 ഹെക്ടർ |
| തഴക്കര | 200.00 ഹെക്ടർ |
| ആകെ | **310.984** ഹെക്ടർ |

ഭാഗിക നഷ്ടം (തഴക്കര) - 100 ഹെക്ടർ

| | | | |
|---|---|---|---|
| (എഫ്) | പ്രസ്തുത നെൽക്കർഷകർക്ക് അടിയന്തര നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (എഫ്) | കൃഷിനാശം മൂലമുള്ള നഷ്ടം നികത്തുന്നതിനായി പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരവും വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരവും സാമ്പത്തിക സഹായം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ